Registered No. M-4485 Madras War Review, Malayalam—2-2-1945

# യുദ്ധസഞ്ചിക

വാള്യം IV] മദിരാശി: 1945 ഫിബ്രുവരി 2-ാംനു, വെള്ളിയാഴ്ച [ലക്കം 21



## ഇന്ത്യൻ നാവിക യോദ്ധാക്കളുടെ വീര കൃത്യങ്ങൾ

അക്യാബിലെ പ്രവൎത്തനങ്ങളെ ആകാശത്തുനിന്നും അതിന്നുശേഷം താഴെ കടൽക്കരയിൽനിന്നും ഞാൻ കാണുകയുണ്ടായി. റോയൽ ഇന്ത്യൻ നേവിയിലെ യോദ്ധാക്കളുടെ നൈപുണ്യവും ദൃഢനിശ്ചയവും, പ്രവൎത്തനൌത്സുക്യവും എന്നെ വളരെ സന്തുഷ്ടനാക്കിയിരിക്കുന്നു.

ഇതേപോലെത്തന്നെ ഈ ജോലിക്കാർ മിബണിൽ ഇറങ്ങിയസമയത്തും, ശത്രുവിൻെറ കടുത്ത എതിൎപ്പുകളെ വകവെക്കാതെ, തടസ്സങ്ങളെ വിഗണിച്ചു പരാക്രമത്തോടെ തങ്ങളുടെ കൃത്യങ്ങൾ നിൎവ്വഹിച്ചു. അതിന്നുശേഷം, ഇന്ത്യൻ നാവികന്മാർ വിശ്രമമെന്യേ 72 മണിക്കൂറോളം, പണിയെടുക്കുകയുണ്ടായി.

എല്ലാവരും അവരെ പ്രശംസിക്കുന്നു; സസന്തോഷം ഞാനും അവരോടൊന്നിച്ചു ചേരട്ടെ.

—ലഫ്ററനൻറു ജനറൽ സർ ഫിലിപ്പ് ക്രസ്റ്റിസൺ, 1945 ജനുവരി 29-ാംനു

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ഫിബ്രുവരി 2-ാംനു, വെള്ളിയാഴ്ച

## ഒന്നാമങ്കം കഴിഞ്ഞു

ഇന്ന് ജർമ്മനിയുടെ അവസാന പരാജയം ദൃശ്യമായിത്തുടങ്ങി. കഴിഞ്ഞകൊല്ലത്തിൽ "മൂന്നു വലിയ നേതാക്കന്മാർ" ടഹറാനിൽ സമ്മേളനം ചേർന്നു; യുദ്ധതന്ത്രത്തെപ്പററി അവരാലോചിച്ചു; ചില പരിപാടികൾ തയ്യാറാക്കി; അതനുസരിച്ചു പ്രവർത്തിക്കാനും ആരംഭിച്ചു. അതിൻെറ പരിണതഫലം എന്തായി?

ജർമ്മനിയുടെ അന്ത്യശ്വാസം വിടൽ ആസന്നമായി! 'കിഴക്കൻ' ചങ്ങാതി ജപ്പാൻെറ നിലയും തഥൈവ.

എന്നാൽ, പൌരസ്ത്യരംഗത്തിലുള്ള നമ്മുടെ ശത്രുവെ, ജപ്പാനെ തോല്പിച്ചു കീഴടക്കുന്നതിന്നുവേണ്ടിയുള്ള ശ്രമങ്ങൾ, യൂറോപ്യൻ യുദ്ധം കൊണ്ടു, തെല്ലും തടസ്സപ്പെട്ടില്ല. ക്യൂബെക്കിൽവെച്ചു ചർച്ചിലും റൂസ്‌വെൽട്ടും അതിനെപ്പററി പര്യാലോചിച്ചു. ആ ആലോചനകളുടെ ഫലം ബർമ്മാരംഗത്തിലും ഫിലിപ്പൈനിലും പ്രതിഫലിച്ചു; ജാപ്പുകൾക്കു ഇരിക്കപ്പൊറുതിയില്ലാതായി. ഇന്ന് അതാ അവർ ആർത്തിയോടെ വിഴുങ്ങിയ രാജ്യങ്ങളൊക്കെ ഛർദ്ദിക്കുന്നു! ബർമ്മയിൽനിന്നും ഫിലിപ്പൈനിൽനിന്നും കൊയിസോവിൻെറ ആളുകൾ ഉടൻ തന്നെ ഓടി ഒളിച്ചേയ്ക്കും.

'എനിയ്ക്കു ക്യൂബെക്കിൽനിന്ന് നൽകിയ ആജ്ഞകളിലെ ആദ്യഭാഗം നിർവ്വഹിക്കപ്പെട്ടു. ചൈനയിലേയ്ക്കുള്ള കരവഴി തുറക്കപ്പെട്ടു' മൌണ്ട് ബാററൻ പ്രഭു, തൻെറ സ്റ്റാഫ് മേധാവികൾക്കു അയച്ച സന്ദേശത്തിലെ ഒരു ഭാഗമാണിതു്. മി: ചർച്ചിലിന്നും റൂസ്‌വെൽട്ടിന്നും ഇതിലധികം ആഹ്ലാദകരമായ ഒരു വർത്തമാനമുണ്ടാവുകയില്ല. കാരണം അവരുടെ നായകത്വത്തിൽ ചേർന്ന ക്യൂബെക്ക് സമ്മേളനത്തിലെ തീരുമാനങ്ങൾ ഓരോന്നോരോന്നായി അത്രമാത്രം ത്വരിതഗതിയിൽ നിറവേററപ്പെട്ടു വരുന്നു.

അപ്പോൾ, എന്താണു ബർമ്മയിലുണ്ടായതു്? ബർമ്മാറോഡു തുറക്കുക! അതിൻെറ പ്രാധാന്യം ലോകത്തിന്നെല്ലാം അറിയാം. അവർ അതു ജപ്പാൻെറ കയ്യിൽനിന്നു പിടിച്ചു പറിച്ചെടുത്തു. ചൈനക്കാർ, ദേശാഭിമാനികളും, സ്വാതന്ത്ര്യേച്ഛുക്കളുമായ ചൈനക്കാർ ചോരയും, വിയർപ്പും കണ്ണീരും വീഴ്ത്തി, അവരുടെ അസ്ഥിമാംസങ്ങൾകൊണ്ടു ഏഴു കൊല്ലം മുമ്പെ പണി ചെയ്തതാണ് അതു; അതേ! ബർമ്മയിലെ പടുക്കൂററൻ പർവ്വതനിരകളിൽനിന്നു അവർ കൈനഖം കൊണ്ടു ആ റോഡു മാന്തിപ്പുറത്താക്കി! ഇന്നവരുടെ ശ്രമം പാഴിലായില്ല; വീണ്ടും ലെഡോ-ബർമ്മാ റോഡു തുറക്കപ്പെട്ടു. ചൈന ഇനിമേലിൽ വീർപ്പുമുട്ടേണ്ടതില്ല.

ഇതിന്നുമേൽ സന്തോഷപ്രദമായ ഒരു വാർത്ത, ചൈനയ്ക്കില്ല. ധീരന്മാരായ ആ ജനത കഴിഞ്ഞ രണ്ടു കൊല്ലങ്ങളോളമായി പെട്ടിരുന്ന പാടു ചില്ലറയല്ല. വിമാനമാർഗ്ഗമായുള്ള സാമാനങ്ങൾകൊണ്ടും മററും കിട്ടിയിരുന്ന സഹായം വളരെ കുറച്ചു മാത്രമായിരുന്നു. വാസ്തവത്തിൽ ചുററുപാടും ശത്രുക്കളാൽ വളയപ്പെട്ട ഒരു നിരോധാവസ്ഥയിലായിരുന്നു ചൈനക്കാർ കഴിഞ്ഞുകൂടിയിരുന്നതു്. ആയിരം നാഴികയുള്ള ഈ റോഡു തുറന്നതുകൊണ്ടു ഈ വിഷമതകൾ പരിഹരിക്കപ്പെട്ടിരിക്കുന്നു.

ഈ യുദ്ധത്തിൽ ചൈനീസു ജനതകളോളം ദുരിതങ്ങളും ദുരദൃഷ്ടങ്ങളും അനുഭവിച്ചവർ ഇല്ലെന്നു പറയാം. യൂറോപ്പിൽ നാസികളുടെ ആധിപത്യത്തിൽക്കിടക്കുന്ന ചില രാഷ്ട്രങ്ങളുടെ സ്ഥിതിയും ഇതേപ്പോലെ തന്നെയാണ്. പക്ഷെ ഏഴു കൊല്ലത്തോളമായി ചൈനയുടെ ദുർഘട സ്ഥിതി നീണ്ടുനിൽക്കുന്നുവെന്നു ഓർമ്മിക്കണം. ക്ഷാമം, പട്ടിണി, ദുർഭിക്ഷത, അനൈക്യം ഇതെല്ലാം ചൈനയിൽ ഇന്നു പടർന്നുപിടിച്ചിരിക്കുന്നു. അനൈക്യവും ഛിദ്രവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്നു കാരണം മുമ്പു പറഞ്ഞ ദോഷങ്ങളാണ്.

ഇപ്പോൾ, ചൈനയിലേക്കു ബർമ്മ വഴിയായി സാമാനങ്ങൾ കൊണ്ടുപോവാൻ സാധിക്കും. ഇതു ചൈനയുടെ ആയുധശക്തിയേയും സജ്ജീകരണങ്ങളേയും, സമരസാദ്ധ്യതകളേയും വർദ്ധിപ്പിക്കും; മാത്രമല്ല, സാമാന്യ ജനതയുടെ ജീവിതത്തിലും ചില ഭേദഗതികൾ വരുത്തുന്നതായിരിക്കും. ഈ വാസ്തവം ഇപ്പോഴത്തെ ചൈനീസ് പ്രധാനമന്ത്രി മി: ടി. വി. സൂങ്ങ് പ്രസ്താവിച്ചു. ഇന്നത്തെ വില ഉയർവിനെ തടുക്കുന്നതിന്നുള്ള പൌരാവശ്യ സാധനങ്ങൾ ബർമ്മാ റോഡു തുറന്നാൽ പട്ടാളക്കാർക്കാവശ്യമുള്ള സാമാനത്തോടൊപ്പം വേണ്ടിവരുമെന്നും അദ്ദേഹം എടുത്തു പറഞ്ഞു. ഈ സാമാനങ്ങൾ സ്വകാര്യ ലാഭത്തിന്നും, അമിതാദായത്തിന്നും വേണ്ടി നിൽക്കുന്ന വ്യാപാരികളുടെ കൈവശം വരികയില്ല. എല്ലാം ഗവർമ്മേണ്ടു നിയന്ത്രണത്തിലും നടത്തിപ്പിലും ആയിരിക്കും; ഈ സാമാനങ്ങളിൽവെച്ചു ഏററവും പ്രധാനമായ ഒന്ന് ചൈനീസ് കൃഷിക്കാർക്കു ആവശ്യമുള്ള തുണിച്ചരക്കുകളാണ്.

### സൈനിക പ്രാധാന്യം

ലേഡോ-ബർമ്മാ റോഡു തുറന്നതിൻെറ സൈനിക പ്രാധാന്യം മൌണ്ടു ബാററൻ പ്രഭുവിൻെറ വാക്കുകളിൽനിന്നുതന്നെ വ്യക്തമാവുന്നുണ്ടല്ലോ: ആദ്യകൃത്യം കഴിഞ്ഞു. ബർമ്മയെപ്പററി മാത്രമല്ല അദ്ദേഹം ഇങ്ങിനെ പറഞ്ഞതു്. തൻെറ കീഴിലുള്ള തെക്കുകിഴക്കൻ ഏഷ്യയെപ്പററിയും കൂടിയാണ്. സിങ്കപ്പൂരും, പെനാങ്കും മററും ഈ പദ്ധതിയിൽ ഉൾപ്പെടും. ഫിലിപ്പൈനിൽ ജാപ്പുകൾക്കു പററിയ അപാരമായ കപ്പൽനഷ്ടത്തിൻെറ പ്രത്യാഘാതങ്ങൾ ബർമ്മാ യുദ്ധരംഗത്തിൽ ദൃശ്യമായിരുന്നു. അതേപോലെ ബർമ്മാ ചൈന രംഗത്തിലെ ഈ വിജയങ്ങൾ പൌരസ്ത്യരംഗത്തിലെ യുദ്ധത്തെ ആകമാനം സാരമായി ബാധിക്കുന്നതാണ്. വലിയ കരയുദ്ധങ്ങൾക്കുള്ള മാർഗ്ഗങ്ങൾ ഈ വിജയങ്ങൾമൂലം തുറക്കപ്പെട്ടിരിക്കുന്നു.

ആസന്നഭാവിയിൽ സഖ്യശക്തികൾക്കു ചൈന കരമാർഗ്ഗമായി ജപ്പാനെ എതൃക്കുന്നതിന്നു ഇതുമൂലം സാദ്ധ്യമാകുന്നതാണ്. ഒരു വമ്പിച്ച ജാപ്പുസൈന്യ വിഭാഗം ചൈനയിലുണ്ടു്. അവർ ചൈനയിൽ അങ്ങുമിങ്ങുമായി ചിന്നിച്ചിതറിക്കിടക്കുകയാണ്. സഖ്യസൈന്യങ്ങൾക്കു അവരെ ആട്ടിപ്പിടിച്ചു കുടുക്കാൻ ഒരു നല്ല അവസരം കിട്ടും. ജപ്പാനിലെ സമര പ്രഭുക്കൾക്കു ഈ ഗതിയെ നോക്കി കാണുകയേ നിവൃത്തിയുള്ളൂ. ജാപ്പുകൾക്കു കടലിലും, ആകാശത്തിലും കടുത്ത പരാജയമാണ് പററിയിരിക്കുന്നതു്. ജപ്പാനെ കരയുദ്ധത്തിലും തോല്പിക്കേണ്ടതായുണ്ടു്. അതു ചൈനയിൽവെച്ചായിരിക്കും.

ചൈനയിലേക്കുള്ള ഈ പുതിയ പാതയുടെ പ്രാധാന്യവും വിലയും ഇതിലാണ് സ്ഥിതിചെയ്യുന്നതു്. ചൈനീസ് സഖാവിന്നു, സഖ്യശക്തികൾ നൽകുന്ന നവവത്സസമ്മാനം വളരെ വിലപ്പിടിച്ചതുതന്നെയാണ്. തെക്കുകിഴക്കൻ ഏഷ്യയിലെ യുദ്ധത്തിൻെറ ഒന്നാമങ്കം കഴിഞ്ഞു; തിരശ്ശീല വീണു. പക്ഷെ അതു പൊങ്ങുന്നതു ഇനിയും പുതു വിജയങ്ങൾ കൈവരുത്താനാണ്.

## പ്രതിജ്ഞ

[ടി. ആർ. മേനോൻ]

(കേക)

ഇല്ല! ഞാൻ മടിക്കില്ലിന്നിനിയും ഭരതോർവ്വീ-
തുല്യയാം മമ മാതൃരക്ഷണശ്രമത്തിന്നായ്.
ഇത്രനാളുമീ മൂഢചിത്തനാം ഞാനീനാട്ടിൽ
നിസ്തുലമലഞ്ഞുതാം കാര്യങ്ങളോർത്തീടുമ്പോൾ
എരിയുന്നഹോ കഷ്ടം അഗ്നി, യെങ്ങിനെ മേലാൽ-
കഴിയും ഞാനെന്നുള്ള ചിന്തയെന്തെന്തോ പൊയ്പോയ്.
ചേരും ഞാൻ പട്ടാളത്തിലെന്നാകിലെനിക്കുമെൻ,
ദാരിദ്ര്യം സഹിക്കുന്നോരമ്മക്കും സുഖം മേലാൽ
രണ്ടുണ്ടാമതിൽഗ്ഗുണം മൊന്നുമാതൃഭ്രരക്ഷാ-
രണ്ടാമതതിൻമേലായ് സ്വന്തമാതാവിൻ രക്ഷാ.
ആരെന്നെത്തടുക്കുവാൻ? ആരുമില്ലെനിക്കിപ്പോൾ.
ധീരതയോടുംപോരട്ടെ പോർക്കളം പൂകീടുവാൻ!
അരിയെ നശിപ്പിക്കാ, നടരിൽ വിജയിക്കാൻ
വിരവിൽ ശ്രമിക്കും ഞാൻ ശപഥം ചെയ്തീടുന്നു.

# 5,000 ക. സമ്മാനം

## ശത്രുവിന്റെ ചാരന്മാരെ പിടിച്ചുകൊടുക്കുന്നവക്ക്

ശത്രുവിന്റെ ചാരനെന്ന നിലയിൽ ശിക്ഷാൎഹനാവുന്നതോ, ശത്രുവിന്ന് സഹായങ്ങൾ നൽകിയെന്നു തെളിയുന്നതോ ആയ ഒരാളെ നിങ്ങൾ പിടിച്ചുകൊടുക്കുന്നപക്ഷം നിങ്ങൾക്കു **5,000** ക. സമ്മാനം ലഭിക്കുന്നതാണ്.

അങ്ങിനെയുള്ള ഒരു ചാരനെ പിടിക്കുന്നതിന്നു ഉതകുന്ന വിവരങ്ങൾ നൽകുന്നവക്കു **1,000** ക. സമ്മാനം നൽകപ്പെടുന്നതാണ്.

## നിങ്ങൾ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുക:

1. സംശയാസ്പദമായ കപ്പൽഗതാഗതങ്ങൾ,

2. സംശയിക്കപ്പെടുന്ന ആളുകളേയൊ, അന്യന്മാരേയൊ, കടൽത്തീരത്തിൽ കാണപ്പെടുന്നതു്,

3. ഐക്യരാഷ്ട്ര അല്ലാത്ത കപ്പലിൽനിന്നോ, വിമാനത്തിൽനിന്നോ, പാരച്ചൂട്ട് വഴിക്കോ ഏതെങ്കിലും ആളുകളോ സാമാനങ്ങളോ വരുന്നതു അടുത്ത പോലീസുദ്യോഗസ്ഥൻ വശമോ, ഗ്രാമത്തലവൻ വശമോ, പോലീസ് സ്റ്റേഷനിലോ വിവരം അറിയിക്കുക.

## സമ്മാനവിവരണം

വിമാനസേന, പട്ടാളം, കടൽസേന ഇവയിൽപെട്ട ഭടന്മാക്കും, ഗസററഡ് ഉദ്യോഗസ്ഥന്മാക്കും ചില വിശേഷ പരിതസ്ഥിതികളിലൊഴികെ, സമ്മാനം കിട്ടുന്നതായിരിക്കയില്ല.

പരാജയത്തെ അഭിമുഖീകരിക്കുന്ന ശത്രു പല 'പരാക്രമങ്ങളും' പ്രദർശിപ്പിക്കും. അവർ ചാരന്മാരെ ഈ നാട്ടിലേക്കു അയച്ചാൽ, അവരുടെ സംരംഭങ്ങൾ നശിപ്പിക്കുന്നതിന്നു നിങ്ങൾ സഹായിക്കണം. എന്നാൽ നിങ്ങൾക്കു നല്ല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യും.

## ലേബർ യൂനിററിലെ തൊഴിലാളികളുടെ വിനോദപ്രകടനങ്ങൾ

ഇരുപതാം നമ്പർ കൊച്ചിൻ ലേബർ യൂണിററ് സെക്കന്റ്-ഇൻ-കമാണ്ടർ രാജശ്രീ സി. കെ. മേനോൻ അവർകളുടെ മഹനീയ നേതൃത്വത്തിൽ തൊഴിലാളികളുടെ വകയായി 'പ്രാചീന കാററൽമാൻ ചരിത്രം' നാടകരൂപത്തിൽ 1945 ജനുവരി 13-ാം തിയ്യതി രാത്രി അതികമനീയമായലങ്കരിച്ചിരുന്ന നാടകവേദിയിൽവെച്ചു ഗംഭീരമാംവണ്ണം നടത്തപ്പെടുകയുണ്ടായി.

സിലോണിലുള്ള മററു യൂനിററിലെ ഉദ്യോഗസ്ഥന്മാരും തൊഴിലാളികളുമടക്കം ഒരു വമ്പിച്ച ജനസമൂഹം പ്രസ്തുത നാടകം കാണുന്നതിന്നു സന്നിഹിതരായിരുന്നു. നാടകം ആദ്യന്തം കാണികളെ രസിപ്പിച്ചുവെന്നുതന്നെ പറയാം.

ഇവ്വിധശങ്ങളായ വിനോദപ്രകടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും അതുകളുടെ വിജയകരമായ പ്രവൎത്തനങ്ങളിലും ശ്രീ മേനോൻ ചെലുത്തുന്ന ശ്രദ്ധ തികച്ചും അഭിനന്ദനാർഹമാണ്.

## ഗ്ണ്ടൂർക്കാരനായ വൈമാനികന്നു ഡി.എഫ്.സി സമ്മാനിക്കപ്പെട്ടു.

ഫ്ലൈയിങ്ങ് ഓഫീസർ രാമചന്ദ്ര റാവുവിന്നു, ഡിസ്റ്റിംഗ്വിഷ്ഡ് ഫ്ലൈയിങ്ങ് ക്രോസ് സമ്മാനിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം 1941 ൽ ഐ.എ.എഫിൽ ചേർന്നു. അദ്ദേഹം 229 മണിക്കൂറുകൾ നിലനിന്ന 172 പ്രാവശ്യം പറന്നിട്ടുണ്ട്. അദ്ദേഹം വീരനും പരാക്രമശാലിയുമാണ്. ഐ.എ.എഫിൽ. ഡി.എഫ്.സി. വാങ്ങിയ ഏഴാമത്തെ വൈമാനികനാണ് മി. രാമചന്ദ്ര റാവ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.